ഭരണഭാഷ-മാതൃഭാഷ

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ നടപടിക്രമം

**വികാസ് ഭവൻ, തിരുവനന്തപുരം**

വിഷയം:- ഡി.ഇ.എസ് – വിജിലൻസ് – ശ്രീ.ജോജി ഫ്രാൻസിസ്, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 – ഇ.എ.ആർ.എ.എസ് ജോലിയിൽ കൃത്യവിലോപം കാണിച്ചത് – സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 19/09/2018 ലെ ഇബി(2) 3588/2018/ഡിഎസ്ഡി നമ്പർ കത്ത്.

**ഉത്തരവ് നമ്പർ. വിജിലൻസ് 23645/2018/ഡിഇഎസ്, തീയതി. 01/10/2018**

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ കോഴിക്കോട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 ആയ ശ്രീ.ജോജി ഫ്രാൻസിസ് 2018-19 വർഷത്തെ വിരിപ്പ് നെൽകൃഷിയുടെ പ്രവചന റിപ്പോർട്ടിൽ നരിക്കുനി പഞ്ചായത്തിൽ വിരിപ്പ് നെൽകൃഷി ഇല്ലെന്ന് റിപ്പോർട്ട് ചെയ്തതായും എന്നാൽ ക്രോപ്പ് വെതർവാച്ച് ഗ്രൂപ്പ് മീറ്റിംഗിൽ കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ പ്രസ്തുത പഞ്ചായത്തിൽ വിരിപ്പ് നെൽകൃഷി ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പും കൃഷി വകുപ്പും 02/08/2018 ന് നടത്തിയ സംയുക്ത പരിശോധനയിൽ ടി പഞ്ചായത്തിൽ 1 ഹെക്ടർ വിരിപ്പ് നെൽകൃഷി ഉണ്ടെന്ന് കണ്ടെത്തിയതായും ഇ.എ.ആർ.എ.എസ് ജോലി ചെയ്യുന്നതിൽ ഉദാസീന മനോഭാവം കാണിച്ച് മറ്റു വകുപ്പുകളുടെ മുന്നിൽ ഈ വകുപ്പിന്റെ സൽപേരിന് കളങ്കം വരുത്തിയ ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് പരാമർശം പ്രകാരം കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതര വീഴ്ച വരുത്തിയതിനാൽ ശ്രീ.ജോജി ഫ്രാൻസിസിനെ കേരള സിവിൽ സർവ്വീസ് (നിയന്ത്രണവും തരം തിരിക്കലും അപ്പീലും) ചട്ടങ്ങൾ 1960 10 (1) (എ) പ്രകാരം അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

ശ്രീ.ജോജി ഫ്രാൻസിസിന് നിയമാനുസൃതമായ ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

**വി.രാമചന്ദ്രൻ**
**ഡയറക്ടർ ജനറൽ**

ശ്രീ.ജോജി ഫ്രാൻസിസ്,
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1
(ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

പകർപ്പ് :

1) ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, ജില്ലാ ആഫീസ്, കോഴിക്കോട്
2) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3) താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, കോഴിക്കോട്.
4) ജീവനക്കാര്യ വിഭാഗം / ഇ.എ.ആർ.എ.എസ് വിഭാഗം/ഫയൽ / കരുതൽ ഫയൽ